STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010

0471 2318188
info.pol@kerala.gov.in
statepolicemediacentre

No.676/PR/SPMC/PHQ/2020 Date :28.12.2020

## പ്രവർത്തന മികവിന് 'ബാഡ്ജ് ഓഫ് ഓണർ' പുരസ്കാരങ്ങൾ വിതരണം ചെയ്തു

മുഖ്യമന്ത്രിയുടെ പോലീസ് മെഡലിന് മുതിർന്ന പോലീസ് ഉദ്യോഗസ്ഥരെ കൂടി ഉൾപ്പെടുത്തുന്നതിന് സർക്കാരിന് ശുപാർശ നൽകുമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ പറഞ്ഞു. വിവിധ മേഖലകളിൽ മികവ് തെളിയിച്ച ഉദ്യോഗസ്ഥർക്ക് ബാഡ്ജ് ഓഫ് ഓണർ ഉൾപ്പെടെയുള്ള പുരസ്കാരങ്ങൾ വിതരണം ചെയ്യുന്നതിന് പോലീസ് ആസ്ഥാനത്ത് സംഘടിപ്പിച്ച ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

വിവിധ മേഖലകളിൽ പ്രവർത്തനമികവുകാട്ടിയ 262 പോലീസ് ഉദ്യോഗസ്ഥർക്കുള്ള 2019 ലെ ബാഡ്ജ് ഓഫ് ഓണർ ബഹുമതികൾ സംസ്ഥാനത്ത് അഞ്ച് കേന്ദ്രങ്ങളിൽ നടന്ന ചടങ്ങിൽ വിതരണം ചെയ്തു. തിരുവനന്തപുരത്ത് പോലീസ് ആസ്ഥാനത്ത് സംസ്ഥാന പോലീസ് മേധാവി ലോകനാഥ് ബെഹ്റയാണ് ബഹുമതികൾ വിതരണം ചെയ്തത്. തൃശൂർ കേരള പോലീസ് അക്കാദമിയിൽ എ.ഡി.ജി.പി ഡോ.ബി സന്ധ്യയും കൊച്ചി സിറ്റി ജില്ലാ പോലീസ് ആസ്ഥാനത്ത് ബറ്റാലിയൻ എ.ഡി.ജി.പി കെ.പത്മകുമാറും പുരസ്കാരങ്ങൾ കൈമാറി. തിരുവനന്തപുരം പോലീസ് ട്രെയിനിംഗ് കോളേജിൽ ക്രമസമാധാന വിഭാഗം എ.ഡി.ജി.പി ഡോ. ഷേക്ക് ദർവേഷ് സാഹിബും കോഴിക്കോട് ഉത്തരമേഖലാ ആസ്ഥാനത്ത് ഉത്തരമേഖല ഐ.ജി അശോക് യാദവും ബഹുമതികൾ വിതരണം ചെയ്തു. സായുധസേനാവിഭാഗത്തിലെ 60 ഉദ്യോഗസ്ഥർക്ക് കമന്റേഷൻ ഡിസ്കും സമ്മാനിച്ചു. മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിന്ന് 19 പേർ പോലീസ് മേധാവിയുടെ കമന്റേഷൻ സർട്ടിഫിക്കറ്റിനും അർഹരായി. പോലീസ് ആസ്ഥാനത്തെ മികച്ച മിനിസ്റ്റീരിയൽ ജീവനക്കാർക്കുള്ള അവാർഡും സംസ്ഥാന പോലീസ് മേധാവി വിതരണം ചെയ്തു. ഹെഡ്ക്വാർട്ടേഴ്സ് എ.ഡി.ജി.പി മനോജ് എബ്രഹാം, ഡി.ഐ.ജി നാഗരാജു ചക്കിലം എന്നിവരും മറ്റ് മുതിർന്ന ഉദ്യോഗസ്ഥരും ചടങ്ങിൽ പങ്കെടുത്തു.

കുറ്റാന്വേഷണമേഖലയിലെ മികവിന് 103 പേർക്കും ക്രമസമാധാനപാലനത്തിന് 12 പേർക്കും ഇന്റലിജൻസ് മേഖലയിലെ മികവിന് 21 പേർക്കും പരിശീലനമികവിന് 17 പേർക്കും

ബാഡ്ജ് ഓഫ് ഓണർ ലഭിച്ചു. ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിലെ പത്ത്പേരും ആന്റിഹ്യൂമൻ ട്രാഫിക്കിംഗ് വിഭാഗത്തിലെ അഞ്ച് പേരും സോഷ്യൽ പൊലീസിങ്, സൈബർക്രൈം അന്വേഷണം, സ്ത്രീസുരക്ഷ എന്നീ വിഭാഗത്തിലെ 26 പേരും ആദരവിന് അർഹരായി. ട്രാഫിക് വിഭാഗത്തിലെ മൂന്ന് പേരും വനിതാ പോലീസിലെ രണ്ട് പേരും മൗണ്ടഡ് പോലീസ്, ഡോഗ്സ്ക്വാഡ്, പോലീസ് ബാന്റ്, ഓർക്കസ്ട്ര വിഭാഗങ്ങളിലെ പന്ത്രണ്ട് പേരും പബ്ലിക് റിലേഷൻസ്, ഫോട്ടോഗ്രാഫി, കോസ്റ്റൽ, റെയിൽവേ എന്നീ വിഭാഗങ്ങളിലെ 18 പേർക്കും ബാഡ്ജ് ഓഫ് ഓണർ ലഭിച്ചു. ഫോറൻസിക് വകുപ്പിലെ അഞ്ച് പേരും മറ്റ് വിഭാഗങ്ങളിൽനിന്ന് 28 പേരും തിരഞ്ഞെടുക്കപ്പെട്ടു.

വിവിധ മേഖലകളിലെ മികവുറ്റ പ്രവർത്തനങ്ങൾ കണക്കിലെടുത്ത് ഐ.ജി.പി വിജയ്. എസ്.സാക്കറെ, ഡി.ഐ.ജി മാരായ പി.പ്രകാശ്, എസ്.സുരേന്ദ്രൻ, കോരി സഞ്ജയ് കുമാർ ഗുരുഡിൻ, കാളിരാജ് മഹേഷ് കുമാർ, എസ്.പി മാരായ രാഹുൽ.ആർ.നായർ, കെ.ജി.സൈമൺ, ഡോ.ദിവ്യ.വി.ഗോപിനാഥ്, റ്റി.നാരായണൻ, കാർത്തിക്.കെ, ഹരിശങ്കർ, ജി.പൂങ്കുഴലി, ഇളങ്കോ. ജി, റ്റി.എഫ്.സേവ്യർ, വി.അജിത്, ബി.കൃഷ്ണകുമാർ, രാജേഷ്.എൻ, സുനിൽ.എം.എൽ, കെ. എൽ.ജോൺകുട്ടി എന്നിവർ ബാഡ്ജ് ഓഫ് ഓണർ ബഹുമതി സ്വീകരിച്ചു. എസ്.പിമാരായ ആർ.നിശാന്തിനി, ചൈത്ര തെരേസ ജോൺ എന്നിവർ കമന്റേഷൻ ഡിസ്ക് ഏറ്റുവാങ്ങി.

ഫോട്ടോക്യാപ്ഷൻ : പ്രവർത്തനമികവിനുള്ള 2019 ലെ ബാഡ്ജ് ഓഫ് ഓണർ ബഹുമതി കൊച്ചി സിറ്റി പോലീസ് കമ്മീഷണർ വിജയ്.എസ്.സാക്കറെ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റയിൽ നിന്നും സ്വീകരിക്കുന്നു.

********